ഹരിജനങ്ങൾക്കുണ്ടാകുന്ന ഉപദ്രവങ്ങളെപ്പറ്റി മുഖ്യമന്ത്രിക്ക് അയച്ച നിവേദനം.

323 [10] ശ്രീ. ടി. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകായ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനാപുരം താലൂക്കിൽ അഞ്ചൽ പകുതിയിൽ ഏരൂർ മുറിയിൽ ഏഴംകുളം കൊച്ചാഞ്ഞിലിമൂട് ചതുപ്പിൽ താമസക്കാരായ ഹരിജനങ്ങൾക്ക് മണ്ണിമല കൃഷ്ണപിള്ള എന്നൊരാളിൽനിന്നും മറ്റും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഉപദ്രവങ്ങളെപ്പറ്റി ഗവണ്മെൻറിനു എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതേപ്പറ്റി എന്തു നടപടി നടത്തി ;

(സി) കൊല്ലം എം. എൽ. എ. മുഖ്യമന്ത്രിക്കയച്ചതും എച്ച്. 4. 16903/54/സി. എസ്. (Home Dept.) നമ്പരായി മെമ്മോ നൽകിയതുമായ ഹർജിയെപ്പറ്റി എന്തെല്ലാം അന്വേഷണം നടത്തി ;

(ഡി) ഹർജിയിലുണ്ടായിരുന്ന പരാതികൾ എന്തെല്ലാം ;

(ഇ) ഇതിന്മേൽ എന്തു നടപടി നടന്നു ;

(എഫ്) ഈ ചതുപ്പിലെ താമസക്കാരെപ്പറ്റിയും മറ്റു പിന്നാക്കസമുദായോദ്ധാരണ വകുപ്പ് അദ്ധ്യക്ഷൻ എന്തെങ്കിലും റിപ്പോർട്ട് കൊടുത്തിട്ടുണ്ടോ ?

ഉത്തരം.

(എ) ഉണ്ട്.

(ബി) പരാതിപ്പെട്ടിരുന്ന കാര്യങ്ങളെപ്പറ്റി അന്വേഷണങ്ങൾ നടന്നു.

(സി) മുഖ്യമന്ത്രിക്ക് അയച്ചിരുന്ന ഹർജിയെപ്പറ്റി അന്വേഷണം നടത്തി വേണ്ട നടപടികളെടുത്ത് റിപ്പോർട്ട് ചെയ്യുവാൻ പോലീസ് ഡിപ്പാർട്ടുമെൻറിലേയ്ക്കയച്ചിട്ടുണ്ട്.

(ഡി) അനധികൃതമായ വിളവെടുപ്പ്, ആക്രമണം, കുടിലുകൾ തീവയ്പ്, കുടികിടപ്പുകാരെ ഉപദ്രവമേൽപ്പിക്കുക മുതലായവ.

(ഇ) കുറെക്കാരുടെ പേരിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് നിയമപ്രകാരം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(എഫ്) ഇല്ല.

കോർട്ടേഴ്സ്.

324. [13] ശ്രീ. കെ. എസ്. കൃഷ്ണൻശാസ്ത്രി : താഴെ കാണുന്ന ചോദ്യത്തിനു് ആഭ്യന്തരകായ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസുകാർക്കു താമസിക്കുന്നതിനു് കോർട്ടേഴ്സ് കെട്ടിക്കൊടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ?

(സി) കോർട്ടേഴ്സ് കെട്ടിക്കൊടുത്തിട്ടില്ലാത്ത സ്ഥലങ്ങളിൽ കെട്ടിക്കൊടുക്കുവാനുദ്ദേശിക്കുന്നുണ്ടോ ;

(ഡി) മാവേലിക്കര പോലീസ് സ്റ്റേഷനിൽ പോലീസുകാർക്ക് കോർട്ടേഴ്സ് കെട്ടിക്കൊടുത്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly